# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481– 2731020, 2732650**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/76/2018 2018 ഏപ്രിൽ 18

## പത്രക്കുറിപ്പ്

**എം.ജി. യിൽ 'നാനോ സംഗമം 2018' മെയ് 11 ന് പ്രൊഫ.സി.എൻ.ആർ.റാവു ഉദ്ഘാടനം ചെയ്യും**

മഹാത്മാഗാന്ധി സർവ്വകലാശാലയിലുള്ള ഇൻറർനാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ നാനോ മെറ്റീരിയലുകളുടെ നിർമ്മാണത്തെയും ഉപയോഗങ്ങളെയും ആസ്പദമാക്കി സംഘടിപ്പിക്കുന്ന അന്തർദേശീയ കോൺഫറൻസ് (ICN 2018), ഭാരതരത്ന പ്രൊഫ. സി.എൻ.ആർ.റാവു മെയ് 11 ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ വച്ച് ഉദ്ഘാടനം ചെയ്യും. നാനോ മെറ്റീരിയൽ ശാസ്ത്രശാഖയിൽ പ്രവർത്തിക്കുന്ന ലോകപ്രശസ്തരായ 200–ൽ അധികം ശാസ്ത്രജ്ഞർ പങ്കെടുക്കുന്ന കോൺഫറൻസിൽ മുഖ്യപ്രഭാഷണങ്ങൾ, ഗവേഷകരുടെ പ്രബന്ധ അവതരണങ്ങൾ, ലഘുപ്രഭാഷണങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ മുതലായവ ഉണ്ടായിക്കുന്നതാണ്. മഹാത്മാഗാന്ധി സർവ്വകലാശാലാ പ്രൊ–വൈസ് ചാൻസലറും വിഖ്യാത ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസ് മുഖ്യസംഘാടകനും IIUCNN ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ കൺവീനറുമായ ഈ കോൺഫറൻസിൽ "Horizon 2020" എന്ന പേരിൽ അന്തർദേശീയ ഗവേഷണ സാധ്യതകളെ പരിചയപ്പെടുത്തുന്ന ബ്രെയിൻ സ്ട്രോമിംഗ് സെഷനും ഉണ്ടായിരിക്കുന്നതാണ്. നാനോ സംഗമം, നാനോ ടെക്നോളജി മേഖലയിലെ ശാസ്ത്രജ്ഞരുടെയും ഗവേഷകരുടെയും സംഗമവേദിയായി മാറും. അന്വേഷണങ്ങൾക്ക് 9847820197, email: nanomaterials@macromol.in

**അപേക്ഷാ തീയതി**

നാലാം സെമസ്റ്റർ എം.എ/ എം.എസ്.സി/ എം.കോം/ എം.സി.ജെ/ എം.എസ്.ഡബ്ല്യു/ എം.റ്റി.എ (2016 അഡ്മിഷൻ–റഗുലർ സ്റ്റഡി/2013,2014 & 2015) അഡ്മിഷൻ സപ്ലിമെൻററി/മേഴ്സി ചാൻസ്,സി.എസ്.എസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ 20 മുതൽ 27 വരെയും 50 രൂപ പിഴയോടെ 28 മുതൽ മെയ് 1 വരെയും 500 രൂപ സൂപ്പർ ഫൈനോടെ മെയ് 2 മുതൽ 3 വരെയും ഓൺലൈൻ രജിസ്ട്രേഷൻ നടത്താം. റഗുലർ വിദ്യാർഥികളുടെ ഫീസ് പ്രോഗ്രാം തിരിച്ച് ഇ–പേയ്മെൻറ് ആയി അടക്കണം. റഗുലർ വിദ്യാർഥികൾ സെമസ്റ്റർ ഒന്നിന് 150 രൂപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 30 രൂപ വീതവും ( സെമസ്റ്ററിന് പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസ് ആയി പരീക്ഷാ ഫീസിന് പുറമെ അടക്കണം. മേഴ്സി ചാൻസ് അപേക്ഷകർ (2012 അഡ്മിഷൻ) 5000 രൂപ സ്പെഷ്യൽ ഫീസും അടക്കണം. ഇൻേറർണൽ മാർക്കുകൾ പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ കോളേജുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. സപ്ലിമെൻററി വിദ്യാർഥികൾ അപേക്ഷകൾ സർവ്വകലാശാലാ ഓഫീസിൽ നേരിട്ട് സമർപ്പിക്കണം. പരീക്ഷാ തീയതി പിന്നീട് അറിയിക്കും.

ഒന്നാം സെമസ്റ്റർ എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി (പുതിയ സ്കീം 2017 അഡ്മിഷൻ റഗുലർ/ 2016 അഡ്മിഷൻ സപ്ലിമെൻററി/ പഴയ സ്കീം 2009–2015 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷ മെയ് 9ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 23 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 26 വരെയും സ്വീകരിക്കും.

ഒന്നാം സെമസ്റ്റർ എം.എസ്.സി മോളിക്യുലാർ ബയോളജി ആൻറ് ജനറ്റിക് എഞ്ചിനീയറിംഗ് (2017–2019 ബാച്ച്) പരീക്ഷ മെയ് 4ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 20 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 25 വരെയും സ്വീകരിക്കും.

ഒന്നാം വർഷ എം.ഫാം സപ്ലിമെൻററി (2016 അഡ്മിഷൻ & 2016 ന് മുൻപുള്ള അഡ്മിഷൻ)പരീക്ഷ മെയ് 17 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 23 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 26 വരെയും സ്വീകരിക്കും. സി.വി ക്യാമ്പ് ഫീസ് ആയി 300 രൂപ പരീക്ഷാ ഫീസിനൊപ്പം അടക്കണം.

രണ്ടാം വർഷ ബി.എസ്.സി എം.എൽ.ടി (2008 മുതൽ അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷ മെയ് 17 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 30 വരെയും സ്വീകരിക്കും. സി.വി ക്യാമ്പ് ഫീസ് ആയി പേപ്പർ ഒന്നിന് 20 രൂപ വീതം പരീക്ഷാ ഫീസിനൊപ്പം അടക്കണം.

നാലാം വർഷ ബി.എസ്.സി നേഴ്സിംഗ് സപ്ലിമെൻററി (2007 മുതൽ അഡ്മിഷൻ) പരീക്ഷകൾ മെയ് 16 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലതെ ഏപ്രിൽ 23 വരെയും 50 രൂപ പിഴയോടെ 24 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 26 വരെയും സ്വീകരിക്കും. പേപ്പർ ഒന്നിന് 20 രൂപ വീതം (പരമാവധി 100 രൂപ) സി.വി ക്യാമ്പ് ഫീസ് ആയി പരീക്ഷാ ഫീസിനൊപ്പം അടക്കണം. ആദ്യമായി മേഴ്സി ചാൻസിന് അപേക്ഷിക്കുന്നവർ 5000 രൂപയും വീണ്ടും അപേക്ഷിക്കുന്നവർ 7000 രൂപയും സ്പെഷ്യൽ ഫീസും അടക്കണം.

നാലാം സെമസ്റ്റർ ബി.പി.എഡ്. (2016 അഡ്മിഷൻ റഗുലർ/സപ്ലിമെൻററി)പരീക്ഷകൾ ഏപ്രിൽ 27 ന് ആരംഭിക്കും.അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 19 വരെയും 50 രൂപ പിഴയോടെ 20 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 21 വരെയും സ്വീകരിക്കും.

മൂന്നാം സെമസ്റ്റർ എം.പി.എഡ്.(2016 അഡ്മിഷൻ റഗുലർ/സപ്ലിമെൻററി)പരീക്ഷകൾ മെയ് 11 ന് ആരംഭിക്കും.അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 21 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 25 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 150 രൂപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസ് ആയി പരീക്ഷാ ഫീസിനൊപ്പം അടക്കണം.

ഒന്നാം സെമസ്റ്റർ എം.പി.എഡ്.(2017 അഡ്മിഷൻ റഗുലർ/സപ്ലിമെൻററി)പരീക്ഷകൾ മെയ് 22 ന് ആരംഭിക്കും.അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 24 വരെയും 50 രൂപ പിഴയോടെ 25 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 28 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 150 രൂപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 30 രൂപ വീതവും സി.വി. ക്യാമ്പ് ഫീസ് ആയി പരീക്ഷാ ഫീസിനൊപ്പം അടക്കണം.

ഒന്നാം സെമസ്റ്റർ എം.ഫിൽ ഫിസിക്കൽ എഡ്യുക്കേഷൻ (2017 അഡ്മിഷൻ റഗുലർ/സപ്ലിമെൻററി)പരീക്ഷകൾ മെയ് 23 ന് ആരംഭിക്കും.അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 25 വരെയും 50 രൂപ പിഴയോടെ 26 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 28 വരെയും സ്വീകരിക്കും.

അഞ്ചാം സെമസ്റ്റർ എം.സി.എ(അഫിലിയേറ്റഡ് കോളേജുകൾ ആൻറ് സി.പി.എ.എസ്,2015 അഡ്മിഷൻ റഗുലർ/2011 മുതൽ 2014 അഡ്മിഷൻ സപ്ലിമെൻററി/ ലാറ്ററൽ എൻട്രി–2016 അഡ്മിഷൻ റഗുലർ/2013 മുതൽ 2015 വരെ അഡ്മിഷൻ സപ്ലിമെൻററി)പരീക്ഷകൾ മെയ് 16 ന് ആരംഭിക്കും.അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 24 വരെയും 50 രൂപ പിഴയോടെ 25 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 27 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 150 രുപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 30 രൂപ വീതവും (പരമാവധി 150 രൂപ) സി.വി. ക്യാമ്പ് ഫീസ് ആയി പരീക്ഷ ഫീസിനൊപ്പം അടക്കണം. ലാബ് പരീക്ഷകൾ വീണ്ടും എഴുതുന്നവർ നിശ്ചിത ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**<u>പരീക്ഷ മാറ്റി</u>**

പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ ഇന്ന് (ഏപ്രിൽ 19) നടത്താൻ നിശ്ചയച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ സുവോളജി ഇൻസ്ട്രുമെൻേറഷൻ പരീക്ഷ നാളെ (ഏപ്രിൽ 20) നടത്തുന്നതിനായി മാറ്റിവെച്ചു.

**<u>പരീക്ഷാ ഫലം</u>**

2017 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.ജെ സപ്ലിമെൻററി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 3 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി അപ്ലൈഡ് ഇലക്ട്രോണിക്സ് (പി.ജി.സി.എസ്.എസ്, റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് 3 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**